26-6-2018-ലെ സ.ഉ.(എംഎസ്.)നമ്പർ 232/2018-ധന ഉത്തരവിലൂടെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മേൽപ്പറഞ്ഞ പെൻഷനുകൾ കൈകാര്യം ചെയ്യുന്നത് ഈ കമ്പനി വഴിയാക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി ലഭിക്കുന്ന കേന്ദ്ര സഹായത്തിനുപുറമെ സംസ്ഥാന ബഡ്ജറ്റ് വിഹിതവും കെ.എസ്.എസ്.പി.എൽ-ന് ലഭ്യമാക്കുന്നുണ്ട്. കൂടാതെ, പെൻഷൻ വിതരണംമൂലം കമ്പനിക്കുണ്ടാകുന്ന ബാധ്യതയുടെ തിരിച്ചടവും സംസ്ഥാന സർക്കാർ വഹിക്കുന്നുണ്ട്.

## സാമൂഹ്യക്ഷേമ പെൻഷൻ

73(T 2331) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അർഹരായ ദുർബലവിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുകയാണ് വർദ്ധിപ്പിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 15-7-2016-ലെ GO(MS) 282/2016/Fin ഉത്തരവ് പ്രകാരം 1-6-2016 മുതൽ 1000 രൂപയായും 23-3-2017-ലെ GO(MS)204/2017/Fin ഉത്തരവ് പ്രകാരം 1-4-2017 മുതൽ 1100 രൂപയായും തുടർന്ന് 18-2-2019-ലെ GO(MS)91/2019/Fin ഉത്തരവ് പ്രകാരം 1-4-2019 മുതൽ 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 21-2-2018-ലെ GO(MS)61/2018/Fin ഉത്തരവ് പ്രകാരം 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർക്ക് 21-2-2018 മുതൽ വികലാംഗ പെൻഷൻ തുക 1100 രൂപയിൽനിന്നും 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 4734110 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നു. കൂടാതെ തൊഴിലാളികളിൽനിന്നും അംശദായം സ്വീകരിച്ച് അതത് ബോർഡുകളുടെ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ വിതരണം നടത്തിയിരുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ വിതരണംകൂടി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ 16 ക്ഷേമനിധി ബോർഡുകളിലായി 678164 ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിക്കുന്ന തുക ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്നുണ്ട്. വ്യത്യസ്ത നിരക്കുകളിൽ നൽകിവന്നിരുന്ന ക്ഷേമനിധി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് പെൻഷൻ ഏകീകരിക്കുകയും സാമൂഹ്യ സുരക്ഷാ പെൻഷന് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രതിമാസം 1200 രൂപ നിരക്കിലാക്കുകയും ആയത് സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പംതന്നെ വിതരണം ചെയ്തുവരികയുമാണ്. നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ താൽപര്യാർത്ഥം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് നൽകുകയോ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുകയോ ആണ് ചെയ്തു വരുന്നത്. എല്ലാ ക്ഷേമനിധി/സാമൂഹ്യ സുരക്ഷാ പെൻഷനുകളും 1300 രൂപയായി ഉയർത്തുമെന്ന് 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## സാമൂഹ്യസുരക്ഷാ പെൻഷൻ

74 (2332) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ 31 വരെ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ എത്ര പേർക്ക് എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ 31 വരെ ആകെ 4734110 ഗുണഭോക്താക്കൾക്കായി 19030.34 കോടി രൂപയാണ് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമനിധി പെൻഷനായി 678164 പേർക്ക് 3129.72 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

## സാലറി ഹെഡ്ഡിൽനിന്നുള്ള ചെലവ്

75 (2333) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ മുതൽ ഡിസംബർ 31 വരെ ഓരോ മാസവും സാലറി ഹെഡ്ഡിൽനിന്നുണ്ടായ ചെലവിന്റെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത ഹെഡ്ഡിൽ ഏതെല്ലാം വിഭാഗങ്ങളുടെ സാലറിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ആകെ ലഭിച്ച റവന്യൂവിന്റെ എത്ര ശതമാനമാണ് ടി കാലയളവിൽ സാലറി ഹെഡ്ഡിൽനിന്നും ചെലവഴിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly